**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4161** **03-03-2023 - ൽ മറുപടിയ്ക്ക്**

**ചെറുകിട കച്ചവട സ്ഥാപനങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും വിവരം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി ആകെ എത്ര ചെറുകിട കച്ചവട സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ കോഴിക്കോട് ജില്ലയുടെ വിവരങ്ങൾ പ്രത്യേകമായി നൽകാമോ; | (എ) | തൊഴിൽ വകുപ്പിലെ LCAS (Labour Commissioner Auto Mated System) - ൽ എല്ലാ തൊഴിൽ മേഖലകളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. ഇതിൽ ചെറുകിട കച്ചവട സ്ഥാപനമെന്നോ ചെറുകിട വ്യവസായ സ്ഥാപനമെന്നോ പ്രത്യേകമായ കണക്കുകൾ ലഭ്യമല്ല. എല്ലാ തൊഴിൽ മേഖലകളിലുമായി സംസ്ഥാനത്ത് 3,53,592 സ്ഥാപനങ്ങളും 10,29,834 തൊഴിലാളികളുമുണ്ട്. കോഴിക്കോട് ജില്ലയിൽ എല്ലാ തൊഴിൽ മേഖലകളിലുമായി 28,611 സ്ഥാപനങ്ങളും 79,952 തൊഴിലാളികളുമുണ്ട്. |
| (ബി) | ഈ സ്ഥാപനങ്ങളിൽ ആകെ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | തൊഴിൽ വകുപ്പിലെ LCAS (Labour Commissioner Auto Mated System) – പ്രകാരം എല്ലാ തൊഴിൽ മേഖലകളിലുമായി സംസ്ഥാനത്ത് 10,29,834 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്ഷെന്റ് ക്ഷേമനിധി ബോർഡിൽ 65855 ചെറുകിട കച്ചവട സ്ഥാപനങ്ങളും, ചെറുകിട വ്യവസായ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നായി ആകെ 2,74,810 തൊഴിലാളികൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കേരളത്തിലെ മുഴുവൻ സ്വയം സംരംഭകരേയും തൊഴിലാളികളെയും ടി ക്ഷേമനിധി പദ്ധതിയിൽ ചേർക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പഞ്ചായത്ത് തലം മുതൽ അംഗത്വ രജിസ്ട്രേഷൻ ക്യാമ്പുകൾ നടന്നുവരുന്നുണ്ട്. കൂടാതെ ഓൺലൈൻ മുഖേന അംഗത്വ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ